Page 1 of 1

(സി) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ വിവരം ലഭ്യമാക്കുമോ; ഇതിൽ അദ്ധ്യാപകരില്ലാത്തവ എത്ര; വിശദമായ വിവരം ലഭ്യമാക്കുമോ?

കോട്ടക്കൽ നിയോജക മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ ഇല്ല.

കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിലെ ഒഴിവുകൾ

231(4241) ശ്രീ. അബ്ദുൽ ഹമീദ് പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിൽനിന്നും യു.പി.എസ്.എ. തസ്തികയിൽ 2022 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെ വിരമിക്കുന്ന അദ്ധ്യാപകരുടെ പേര്, ജോലി നോക്കുന്ന സ്ഥലം, വിരമിക്കൽ തീയതി, എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധം -I ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത ജില്ലയിൽ 2020 ജനുവരി 1 മുതൽ 2021 ജൂൺ 30 വരെ യു.പി.എസ്.എ. തസ്തികയിൽനിന്നും വിരമിച്ച അദ്ധ്യാപകരുടെ പേരും വിരമിക്കൽ തീയതിയും വ്യക്തമാക്കാമോ?

വിവരങ്ങൾ അനുബന്ധം -II ആയി ചേർക്കുന്നു.*

(സി) പ്രസ്തുത ജില്ലയിലെ സർക്കാർ പ്രൈമറി സ്കൂളുകളിൽ എത്ര പ്രഥമ അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ടെന്നും ഒഴിവുകൾ നിലവിലുള്ള സ്കൂളുകളുടെ പേര് വിവരങ്ങളും ലഭ്യമാക്കുമോ?

75 പ്രഥമാദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട്. വിശദാംശങ്ങൾ അനുബന്ധം-III ആയി ചേർക്കുന്നു.*

മലപ്പുറം ജില്ലയിലെ അദ്ധ്യാപക ഒഴിവുകൾ

232(4242) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സർക്കാർ, എയ്ഡഡ് വിഭാഗങ്ങളിൽ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ നിലവിലുള്ള അദ്ധ്യാപകരുടെയും പ്രധാന അദ്ധ്യാപകരുടെയും ഒഴിവുകൾ എത്രയാണ്; തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly